## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 690

03/11/2016-ൽ മറുപടിയ്ക്ക്.

## പാൽ ഉൽപാദനത്തിലെ സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ. കെ.മുരളീധരൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പാൽ ഉല്പാദനത്തിലെ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് എന്തെല്ലാം സഹായങ്ങളാണ് ക്ഷീരകർഷകർക്ക് നൽകാനുദ്ദേശിക്കുന്നതെന്ന വിശദീകരിക്കുമോ; | (എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിതസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീര കർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാപെൻഷൻ ചികിത്സധനസഹായം, വിവാഹധന സഹായം, മരണാനന്തര ധനസഹായം എന്നിവയും നൽകി വരുന്നു.<br><br>മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ (തിരുവനന്തപുരം, എറണാകുളം, മലബാർ) പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനു വേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കേന്ദ്രം പദ്ധതികളായ എൻഡിപി, (നാഷണൽ ഡയറി പ്ലാൻ) എൻപിബിബി ഡിഡി (നാഷണൽ പ്രോഗ്രാം ഫോർ ബൊവൈൻ ബ്രീഡിംഗ് ആന്റ് ഡയറി ഡവല്പ്മെന്റ്) , ആർകെവിവൈ (രാഷ്ട്രീയ |

| | | |
|---|---|---|
| | | കൃഷി വികാസ് യോജന) പദ്ധതികൾ വഴി ക്ഷീരോൽപാദന വർദ്ധനവിനും, വർദ്ധിച്ചുവരുന്ന പാൽ ശീതികരിക്കുന്നതിനും ,സംസ്കരിക്കുന്നതിനും, മൂല്യ വർദ്ധിത ക്ഷീര ഉൽപ്പന്നങ്ങൾ ആക്കുന്നതിനും സംവിധാനങ്ങൾ സൃഷ്ടിച്ചുകൊണ്ട് നടപടികൾ സ്വീകരിച്ചു വരുന്നു.<br>,2015-16-ൽ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡിയായി ഏകദേശം 5.8 കോടി രൂപ നൽകിയിട്ടുണ്ട്. മൊത്തത്തിൽ ഫെഡറേഷനും മേഖലാ യൂണിയനുകളും ചേർന്ന് അവരുടെ പ്രവർത്തന ലാഭത്തിൽ നിന്ന് 84 കോടിയോളം രൂപയുടെ ആനുകൂല്യങ്ങളും സബ്സിഡികളും കേരളത്തിലെ ക്ഷീരകർഷകർക്ക് കഷീരോൽപാദന വർദ്ധനവിനായി 2015-16 കാലയളവിൽ നൽകുകയുണ്ടായി.<br><br>മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി മുഖേന ഗോവർദ്ധിനി ,കാഫ് അഡോപ്ഷൻ പ്രോഗ്രാം എന്നീ പദ്ധതികളിലൂടെ പശുക്കുട്ടിയെ സംരക്ഷിച്ച് പശുവാക്കി മാറ്റുന്നതിന് ധനസഹായം നൽകി വരുന്നു. നിലവിൽ ആകെ 240000 പശുക്കുട്ടികൾക്ക് ഇപ്രകാരം സംരക്ഷണം നൽകി വരുന്നു.<br>സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് അകിടുവീക്ക രോഗ നിയന്ത്രണ പരിപാടി പ്രകാരം അകിടു രോഗ നിയന്ത്രണ കിറ്റുകൾ സൗജന്യ നിരക്കിൽ നൽകുന്നതാണ്. |
| (ബി) | ഇതിനായി കർഷകർക്ക് എത്ര ഉരുക്കളെ വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (ബി) 2016-17 -ൽ 4206 കറവ പശുക്കളേയും 1770 കിടാരികളേയും വിതരണം ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | എന്തെല്ലാം ധന ആവശ്യാധിഷ്ഠിത സഹായങ്ങളാണ് പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് കർഷകർക്ക് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ? | (സി) കുറഞ്ഞത് 5 പശുക്കളെങ്കിലുമുള്ള ക്ഷീരകർഷകർക്കാണ് ആവശ്യാധിഷ്ഠിത ധനസഹായം നൽകുന്നത്. ചെലവഴിക്കുന്ന തുകയുടെ 50 ശതമാനം പരമാവധി 50,000/- രൂപയാണ് ധനസഹായം നൽകുന്നത്. പ്രധാനമായും കാലിത്തൊഴുത്തിന്റെ നവീകരണം ബയോ ഗ്യാസ് നിർമ്മാണം, ക്ഷീരകർഷകർക്കാവശ്യമായ ഉപകരണങ്ങൾക്കുള്ള ധനസഹായം, |

പശുവളർത്തലുമായി ബന്ധപ്പെട്ട ഇതര ആവശ്യങ്ങൾ എന്നിവയ്ക്കാണ് ധനസഹായം അനുവദിക്കുന്നത്.

മിൽമയുടെ എറണാകുളം മേഖലാ യൂണിയൻ 2015-16 സാമ്പത്തിക വർഷത്തിൽ പാൽ വിലയ്ക്ക് പുറമെ ഏകദേശം 13 കോടി രൂപ ക്ഷീര കർഷകർക്ക് പാൽവില ഇൻസെൻറീവായി വിതരണം ചെയ്തു കഴിഞ്ഞു.

മലബാർ മേഖല യൂണിയൻ
കർഷകരുടെ ഉയർന്ന ഗുണനിലവാരമുള്ള പശുക്കുട്ടികളെ തിരഞ്ഞെടുത്ത് കിടാരി സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നു. പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് മിൽമയുടെ ഫണ്ടുപയോഗിച്ച് റിവോൾവിംഗ് ഫണ്ട് പദ്ധതി, സംസ്ഥാന സർക്കാർ പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതി, പച്ചപ്പുല്ല് സബ്സിഡിയോടെ ലഭ്യമാക്കുന്ന ഫോഡർ പദ്ധതി, പുതിയ ഡെയറി ഫാമുകൾക്ക് ഫാം സപ്പോർട്ട് പദ്ധതി, സൗജന്യ നിരക്കിലുള്ള കന്നുകാലി ഇൻഷുറൻസ് പദ്ധതി, കർഷകർക്ക് ലൈഫ്/അപകട ഇൻഷുറൻസ് പദ്ധതി,കർഷകർക്കും കുടുംബാംഗങ്ങൾക്കും മെഡി ക്ലെയിം പദ്ധതി തുടങ്ങിയവ നൽകി വരുന്നു.

തിരുവനന്തപുരം മേഖലാ യൂണിയൻ 2015-16 വർഷം പ്രവർത്തന ലാഭത്തിൽ നിന്നും അംഗസംഘങ്ങൾക്ക് പ്രൈസ് ഡിഫറൻസായി 20 കോടി രൂപ നൽകുകയുണ്ടായി.
ക്ഷീരകർഷക തൊഴിലുറപ്പ് പദ്ധതി പ്രകാരം 2000 ക്ഷീരകർഷകർക്ക് 10,000 രൂപ വീതം 2 കോടി രൂപ നൽകുകയുണ്ടായി.
എൻപിഡിഡി (നാഷണൽ പ്രോഗ്രാം ഫോർ ഡയറി ഡവലപ്മെൻ്റ്) പദ്ധതിയിൻ കീഴിൽ 250 പശുക്കളെ വാങ്ങിക്കുവാൻ 40,000 രൂപ വിതം ആകെ 1,00,00,000/- രൂപ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.